# ആദിവാസിസാഹിത്യം – ജനുസ്സ് സംബന്ധമായ വിശകലനം

**ആതിര രാജൻ**

**പ്രബന്ധസംഗ്രഹം**

'Genre' എന്നതിന് സമാനമായ പദമാണ് ജനുസ്സ്. 'ജീൻ' എന്ന വാക്കിൽ നിന്നാണ് അതിന്റെ ഉല്പത്തി. രൂപം എന്ന അർഥത്തിലാണ് സാമാന്യമായി പ്രയോഗിക്കാറുള്ളതെങ്കിലും അതിലും കവിഞ്ഞ ധ്വനിയാണ് ഇതിനുള്ളത്. 'Genric' എന്ന അർഥത്തിലാണ് 'ജാനുഷികം' എന്ന് പ്രയോഗിക്കുന്നത്. ജനുസ്സുകളെ സ്ഥിര രൂപങ്ങളായി പരിഗണിക്കുന്നതിന് പകരം അവയെ പ്രകടന രൂപങ്ങളായും ആവിഷ്കാര വേളയിൽ നിരന്തരം വികസിക്കുകയും പരിണമിക്കുകയും ചെയ്യുന്ന രൂപങ്ങളുമായാണ് പുതിയ പഠനങ്ങൾ സമീപിക്കുന്നത്. മനുഷ്യന്റെ ആശയവിനിമയത്തിന്റെ അടിസ്ഥാനമാണ് ജനുസ്സ്. ജനുസ്സിനെപ്പറ്റിയുള്ള ധാരണയുണ്ടാകുമ്പോഴാണ് ആഖ്യാനം ചെയ്യപ്പെടുന്ന കാര്യം ആശയവിനിമയം ചെയ്യപ്പെടുന്നത്. സവിശേഷമായ രീതിയിൽ ലോകത്തിന്റെ ഒരു ഭാഗത്തെ കൊത്തിയെടുക്കുകയും അതിലൂടെ ലോകത്തെ നോക്കിക്കാണുകയുമാണ് ജനുസ്സ് ചെയ്യുന്നത്. അതിനാൽ ജനുസ്സുകളിലൂടെയാണ് മനുഷ്യർ ലോകത്തെ കാണുന്നത് എന്ന് പറയാം.

നിലവിലുള്ള സാഹിത്യത്തിന്റെ ജനുസ്സുമായി ആദിവാസി സാഹിത്യത്തിന്റെ ജനുസ്സ് വിട്ടുവീഴ്ച ചെയ്യുന്നുണ്ടോ, അതോ ജനുസ്സിനെ സംബന്ധിക്കുന്ന നമ്മുടെ സാധാരണ അറിവ് രൂപങ്ങൾ മാറ്റിവെച്ചുകൊണ്ടാണോ ഇവയെ പരിശോധിക്കുന്നത് എന്നിവ കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിലൂടെ ലക്ഷ്യം വെക്കുന്നത്. ഏതേത് മാനദണ്ഡങ്ങളാണ് ഇവയെ സാഹിത്യ കൃതികളായി പരിഗണിക്കാൻ നമ്മെ സഹായിക്കുന്നത്, അല്ലെങ്കിൽ അങ്ങനെ പരിഗണിക്കുന്നതിൽ നിന്ന് നമ്മെ വിലക്കുന്നത് എന്നിങ്ങനെയുള്ള കാര്യങ്ങളും പരിശോധിക്കപ്പെടുന്നു. സാംസ്കാരിക

ഭൗതിക വാദത്തിന്റെ വെളിച്ചത്തിൽ ആദിവാസി സാഹിത്യത്തിന്റെ ജനുസ്സുകളെ അപഗ്രഥിക്കുന്ന പഠനമാണിത്. ഭൗതിക രൂപം എന്ന നിലയ്ക്കാണ് ജനുസ്സ് ഇവിടെ പരിഗണിക്കപ്പെടുന്നത്.

**താക്കോൽ വാക്കുകൾ**

ജനുസ്സ് (Genre), ജാനുഷികം (Genric), ഗോത്രസാഹിത്യം (Tribal Studies)

പ്രബന്ധം

(2018ലെ മെയ് (20) ലക്കം, മാധ്യമം ആഴ്ചപ്പതിപ്പിൽ പി. പി പ്രശാന്ത് എന്ന ലേഖകൻ മലയാളത്തിലെ ആദ്യ ഗോത്ര സാഹിത്യകാരനായ നാരായനുമായി അഭിമുഖം നടത്തിയതിലെ ചെറിയ പരാമർശം ഇവിടെ കൊടുക്കുന്നു. "എന്നോട് ചിലർ ചോദിച്ചിട്ടുണ്ട് എന്തിനാണ് ആദിവാസി സാഹിത്യം, ഒരു സാഹിത്യം പോരേ എന്ന്. ഞാൻ മറുചോദ്യം ഉന്നയിച്ചു. നമ്മുടെ സംസ്കാരത്തിന് *5000* കൊല്ലത്തെ പഴക്കം ഉണ്ട് എന്ന് കരുതുക. ഇതുവരെ ഇവിടത്തെ സാഹിത്യം നിങ്ങളുടേതായിരുന്നു. ഞങ്ങൾക്ക് എന്ത് പ്രയോജനമാണ് ഇതുവരെ ഉണ്ടായത്?")

മലയാളസാഹിത്യചരിത്രത്തിൽ വ്യത്യസ്തമായ ആശയംകൊണ്ടും അവതരണംകൊണ്ടും ഇടംപിടിച്ച സാഹിത്യരൂപമാണ് ആദിവാസി സാഹിത്യം. ആദിവാസി സാഹിത്യം എന്നതിൽ ആദിവാസികൾ എഴുതുന്ന സാഹിത്യവും, ആദിവാസികളെക്കുറിച്ച് എഴുതുന്ന സാഹിത്യവും, അവരുടെ സംസ്കാരത്തിന്റെ പാട്ടുകൾ, വാങ്മയരൂപങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. ആദിവാസികൾ അവരുടെ സംസ്കാരത്തെ, അവസ്ഥയെ, പ്രതിരോധത്തെ ഇവയെയെല്ലാം അറിയിക്കുന്നത് സാഹിത്യമെന്ന ജനുസ്സിലൂടെയാണ്. മനുഷ്യന്റെ ആശയവിനിമയത്തിന്റെ അടിസ്ഥാന ഘടകമാണ് ജനുസ്സ്. രൂപം എന്നർഥത്തിൽ സാമാന്യമായി പ്രയോഗിക്കുന്ന ജനുസ്സിന്റെ ഉല്പത്തി 'ജീൻ' എന്ന വാക്കിൽ നിന്നാണ്. ജനുസ്സുകൾ പലപ്പോഴും സാഹിത്യത്തിൽ പൊതുവായ പ്രമേയങ്ങളോ (Theme), ഉള്ളടക്കങ്ങളോ (content) ആണ് പങ്കിടുന്നത്.

പ്രമേയത്തിനും ഉള്ളടക്കത്തിനും ഒരു ചട്ടക്കൂട് (Frame Work) നല്കുന്നു. ഓരോ ജനുസ്സിനും വ്യതിരിക്തമായ ശൈലിയും ഭാഷാരീതിയും ഉണ്ട്. അവ കൃതിയുടെ ഭാവതലത്തെയും (Mood), അന്തരീക്ഷത്തെയും (Atmosphere) സ്വാധീനിക്കുന്നു. പ്ലോട്ട്, ട്വിസ്റ്റുകൾ, കഥാപാത്ര വികസനം പോലുള്ള ഘടകങ്ങളിൽ അനുവാചകരുടെ പ്രതീക്ഷകളെ ജനുസ്സിൽ അനുവദിക്കുന്നുണ്ട്. അതായത്, ഉള്ളടക്കത്തെ കുറിച്ച് അനുവാചകരുടെ ചില പ്രതീക്ഷകൾ, സൂചനകൾ എന്നിവ നല്കുന്നു. വ്യത്യസ്ത ജനുസ്സുകൾ വിവിധ ഉദ്ദേശങ്ങളാണ് നിറവേറ്റുന്നത്. അത് വിനോദമാകാം, ബോധവൽക്കരണമാകാം, ചിന്തയെ ഉല്പാദിപ്പിക്കുന്നതാകാം, ഏതെങ്കിലും പ്രത്യേക വികാരങ്ങൾ ഉണർത്തുകയാകാം.

ആദിവാസി സാഹിത്യത്തിലെ ജനുസ്സിലെ ഘടകങ്ങളെ മൂന്നായി തിരിക്കാം.

1. വാമൊഴി പാരമ്പര്യം.
2. തദ്ദേശീയ ലോകവീക്ഷണം.
3. സാമൂഹികമായ ആഖ്യാനം.

വാമൊഴി പാരമ്പര്യം

അറിവ്, കല, ആശയങ്ങൾ, സാംസ്കാരിക വസ്തുതകൾ എന്നിവ സ്വീകരിക്കുകയും സംരക്ഷിക്കുകയും ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് വാമൊഴിയായി കൈമാറ്റം ചെയ്യുകയും ചെയ്യുന്ന മനുഷ്യന്റെ ആശയവിനിമയരൂപത്തെ നമുക്ക് വാമൊഴി പാരമ്പര്യം എന്നുപറയാം. സാക്ഷരതയ്ക്ക് മുമ്പുള്ള സമൂഹങ്ങളിൽ ലിഖിത സാഹിത്യങ്ങൾ ഇല്ല. ഇതിഹാസം, നാടോടി ആഖ്യാനങ്ങൾ, നാടോടി നാടകം, പഴംചൊല്ലുകൾ, നാടൻ പാട്ടുകൾ പോലുള്ള വൈവിധ്യപൂർണ്ണമായ പാരമ്പര്യങ്ങളുണ്ട്. ഗോത്രഭാഷയെ സംബന്ധിച്ച് പാട്ടുകളും, കഥകളും, വാങ്മയ രൂപങ്ങളും പാരമ്പര്യമായിതന്നെ ധാരാളം ഉണ്ട്. എന്നാൽ, ആദിവാസി ഭാഷകൾക്ക് ലിഖിത രൂപമില്ല. അതിന് പകരം ദ്രാവിഡഭാഷകളുടെ മിശ്രരൂപമാണ് എഴുത്തുകളിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ തന്നെ മലയാളഭാഷയുടെ സ്വാധീനമാണ് ഏറ്റവും കൂടുതലായി കാണുന്നത്. ഇംഗ്ലീഷ് എന്ന ഭാഷ എപ്രകാരമാണോ മലയാളത്തിനുമേൽ ആധിപത്യം ചെലുത്തുന്നത്,

അതിനേക്കാൾ കൂടുതലായാണ് മലയാളം കേരളത്തിലെ ആദിവാസി ഭാഷകൾക്ക്മേൽ ആധിപത്യം കാണിക്കുന്നത്. മലയാളം അവരുടെ മാതൃഭാഷ അല്ലെങ്കിൽ പോലും ആദിവാസി സ്കൂളുകളിൽ മലയാളമാണ് പ്രധാനമായും പഠിപ്പിക്കുന്നത്. അതിനാൽ തന്നെ സ്വഭാവികമായി അവരുടെ സാഹിത്യത്തിലും മലയാളത്തിന്റെ സ്വാധീനം കൂടുതലായി കാണാൻ സാധിക്കുന്നു.

"ഒരുപിടി വിത്ത് വാരിയെറിഞ്ഞ് കോരി വിളഞ്ഞ കാലം

ഒരു മുള വെട്ടി എമ്പതു ചീന്ത് വേലി വളച്ചുംകെട്ടി"

- (മുള്ളുക്കുറുമരുടെ നെല്ല് പാട്ട്)

"എല്ലാരുഗ് ചെന്നങ്ങനെ അടുത്തല്ലേ കൂടുന്നത്

പുലീനെ തന്നെയിപ്പൽ ഉക്കണല്ലോ കേക്കീങ്ങള

- (കുറിച്യരുടെ നരികുത്ത് പാട്ട്)

ഈ വരികളിലെല്ലാം മലയാളഭാഷയുടെ സ്വാധീനമാണ് കൂടുതലായുള്ളത്. മറ്റ് സാഹിത്യകൃതികളെ അപേക്ഷിച്ച് വ്യതിരിക്തമായ ഭാഷ / പദപ്രയോഗങ്ങൾ കൂടുതലായി ഈ സാഹിത്യത്തിൽ കാണാം.

അനുഷ്ഠാനപരം, തൊഴിൽപരം, വിനോദപരം, അങ്ങനെ വ്യത്യസ്ത രീതിയിൽ ഗോത്രഗാനങ്ങളെ തരംതിരിക്കാം. ഓരോ ഗോത്ര സമൂഹത്തിനും, അതിലെ തന്നെ ഓരോ ആചാരങ്ങൾക്കും പാട്ടുകളുടെ വൻശേഖരം തന്നെയുണ്ട്. എന്നാൽ ഈ പാട്ടുകളൊക്കെ അലിഖിത രൂപങ്ങളാണ്. അജ്ഞാത കർതൃകം, വരികളിലെ ആവർത്തനം, താളാത്മകത ഇവയെല്ലാം ഗോത്രപ്പാട്ടുകളുടെ സവിശേഷതയാണ്. പഴംചൊല്ലുകളും വാമൊഴിപാരമ്പര്യത്തിൽ മാറ്റി നിർത്താൻ കഴിയാത്ത ഒന്നാണ്. പഴംചൊല്ലുകൾ വിവിധ പരിസരങ്ങൾക്കൊത്ത് വ്യത്യസ്തമായ അർഥം സ്വീകരിക്കുന്നതിനിടെ പ്രത്യേകം

പരാമർശമർഹിക്കുന്നു[1]. ചില ആദിവാസി വിഭാഗങ്ങൾ പ്രയോഗിക്കുന്ന പഴംചൊല്ലുകൾ നോക്കാം,

“നക്കറമാട് മേയും മാട്ടെ കിടയ്ക്കും” (ഒരു പശു തിന്ന പുല്ല്, മറ്റൊരു പശു തിന്നില്ല)

“മുട്ടൻ ശെട്ട് കാകാത്” (മുൻകോപിയുടെ ഭവനം കൊള്ളില്ല)

“തായില്ല പിള്ളയ്ക്ക് വായ് മെച്ചം” (അമ്മായില്ലാത്ത കുട്ടികൾക്ക് അതിവർത്താനമാണ്)

-(മുതുവാൻ വിഭാഗത്തിൽ പ്രയോഗിക്കുന്ന പഴംചൊല്ലുകൾ)

“പാര്യ പറഞ്ഞു ഏഴപടയെന്ന് വീട്ടുകാരനോർത്തു ഏഴ പടിയന്ന്”

“അമ്മയാ അപ്പനാ കിടത്തിയപ്പം നട്ടുത്തുണിൽ നോക്കി നണ്ണ”

-(മന്നാൻ വിഭാഗത്തിൽ പ്രയോഗിക്കുന്ന പഴംചൊല്ലുകൾ)

ഓരോ വിഭാഗത്തിനും അവരുടെ ശൈലിയിലും പദങ്ങളിലും പ്രയോഗിക്കുന്ന പഴംചൊല്ലുകളുണ്ട്. ഒരു വിഭാഗത്തിൽ പ്രയോഗിക്കുന്നവ മറ്റൊരു വിഭാഗത്തിൽ അതേ രീതിയിൽ പ്രയോഗിക്കുന്നില്ല. ആരോഗ്യം, വിശ്വാസം, ജീവിതവൃത്തി, കഥാജന്യം, ജാതീയം, ജന്തുപരം, പ്രകൃതിപരം, സ്ഥലപരം, സാംസ്കാരികം, കാര്യകാരണ ബന്ധം എന്നിങ്ങനെ പഴംചൊല്ലുകളെ ഡോ. എൻ. അജിത്കുമാർ ‘വാമൊഴിയുടെ സൌന്ദര്യശാസ്ത്രം’ എന്ന കൃതിയിൽ തിരിച്ചിട്ടുണ്ട്. ഈ തിരിവിന്റെ അടിസ്ഥാനത്തിലും ഗോത്രപഴംചൊല്ലുകൾ സമ്പന്നമാണ്. ഇതേ പോലെ തന്നെയാണ് കടംകഥകളും. വിനോദത്തിനുവേണ്ടിയാണ് കൂടുതലും ഉപയോഗിക്കപ്പെടുന്നതെങ്കിലും ബൌദ്ധിക പ്രധാന്യമർഹിക്കുന്ന പ്രശ്നോത്തരിയായും കടംകഥകൾ മാറുന്നുണ്ട്. ഗോത്രവിഭാഗങ്ങളിൽ ഉപയോഗിക്കുന്ന ചില കടംകഥകൾ നോക്കാം,

“ഏൻ കാള കുട്ട കാള എന്ന വെച്ചാലും ചുമക്കും – അടുപ്പ്”

“ഒരു നെല്ല് കുത്തി ഊരെല്ലാം ഉമി – വിളക്ക്”

1 ഡോ. എൻ. അജിത്കുമാർ : 2006 :29

"കെണറ്റിലെ കിണ്ണി മെതയ്ക്ക – കണ്ണ്"

-(പളിയർ വിഭാഗത്തിൽ ഉപയോഗിക്കുന്നവ)

"ദൂരം പോണ പക്കം വന്തിട്ട – കണ്ണ്"

"ആത്തിലെ രാജ – മീൻ"

"ചെടിയിലെ ചുകപ്പ് – മുളക്"

-(മലപ്പുലയൻ വിഭാഗത്തിൽ ഉപയോഗിക്കുന്നവ)

"വരേല് ഒരു ഉണ്ടക്കല്ല് ഇരിക്കിന – മൂക്ക്"

"ബറേലിരിന്ത് ഓരകണ്ണാടിച്ചോറി എന്ത് – വിളയ്ക്ക "

"വാനം ചുമക്കുന്ന വരക്കുമലാൻ - രാജാവ്"

-(മന്നാൻ വിഭാഗത്തിൽ ഉപയോഗിക്കുന്നവ)

ചിന്താശേഷിക്ക് ആക്കം കൂട്ടുന്ന ഇത്തരത്തിലുള്ള കടംകഥകൾ എല്ലാ ഗോത്രവിഭാഗത്തിലും സമ്പുഷ്ടമാണ്. കുട്ടികളുടെ ഇടയിലാണ് ഇതിനേറെ പ്രചാരമുള്ളതായി കാണുന്നത്. പരസ്പര ബന്ധമില്ലാത്ത രീതിയിലുള്ള ചോദ്യങ്ങളിലൂടെയാണ് ഇവ സഞ്ചരിക്കുന്നത്. അതിനാൽ തന്നെ ഉത്തരം കണ്ടെത്തുന്നതിനായി കൂടുതൽ സമയം ഇതിൽ ചിലവഴിക്കേണ്ടിയും വരുന്നു. പഴംചൊല്ലുകളേക്കാൾ ഘടനാപരമായ സവിശേഷതകൾ കടംകഥകൾക്കുണ്ട്. ലഘു, സങ്കീർണം, ദീർഘം എന്നിങ്ങനെ കടംകഥകളെ മൂന്നായി തിരിക്കാം[2]. ചോദ്യരൂപത്തിലുള്ള വാക്യങ്ങളുടെ ഉത്തരം എതിരാളിക്ക് ലഭിക്കാതിരുന്നാൽ 'കടം' വെച്ചു തോറ്റു എന്നു സമ്മതിക്കുന്നതും കടംകഥകളിയുടെ സവിശേഷതയാണ്. ഇവ കൂടാതെ, അരുളപ്പാട്ടുകൾ, മാന്ത്രിക വാക്യങ്ങൾ, പ്രാർഥനാമൊഴി, അടക്കം പറയൽ, വായ്ത്താരികൾ എന്നീ വാങ്മയ രൂപങ്ങളും ആദിവാസി സാഹിത്യത്തിൽ സുലഭമാണ്.

2 ഡോ. എം. വി വിഷ്ണു നമ്പൂതിരി : 2010 : 147

തദ്ദേശീയമായ ലോകവീക്ഷണം

മുഖ്യധാരാ സാഹിത്യങ്ങൾ പരിഗണിച്ചിട്ടില്ലാത്ത വിഷയങ്ങളെ ആദിവാസി സാഹിത്യകൃതികൾ സ്വീകരിക്കുന്നുണ്ട്. മുഖ്യധാരാ സാഹിത്യങ്ങളിൽ ഏറെയും പുരാണങ്ങളെയും ഇതിഹാസങ്ങളെയും തേടി പോകുമ്പോൾ, അരികുവൽക്കരിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട തങ്ങളുടെ സ്വപ്രശ്നങ്ങൾ പറയാൻ ഗോത്രഎഴുത്തുകാർ തന്നെ മുന്നോട്ടുവന്നു. പി. ശിവലിംഗൻ (ഇരുള ഭാഷാകവി), ധന്യ വേങ്ങച്ചേരി, സുകുമാരൻ ചാലിഗദ്ദ (റാവുള ഭാഷാകവി), ശാന്തി പനയ്ക്കൽ (പണിയ ഭാഷാഎഴുത്തുകാരി), ബാലകൃഷ്ണൻ കിഴക്കേടത്ത് (മാവിലൻ ഗോത്രത്തിലെ മുതിർന്ന കവി), അംബിക പി. വി (മാവിലൻ ഗോത്രത്തിൽ നിന്നുള്ള യുവ എഴുത്തുകാരി) തുടങ്ങിയ ഗോത്ര എഴുത്തുകാർ, എഴുത്തിന്റെ മുൻനിരയിലേക്ക് എത്തിപ്പെട്ടതോടെ നവകവിതയിലെ വിഷയസ്വീകരണത്തിന് മാറ്റങ്ങൾ ഉണ്ടായി. ഗോത്ര കവിതയ്ക്ക് ചരിത്രമുണ്ട്, ഭൂതകാലവും , വർത്തമാനകാലവുമുണ്ട്. 'ഏന്' (ഞാൻ) എന്ന ധന്യ വേങ്ങച്ചേരിയുടെ കവിതയിൽ ഗോത്രകവിതയുടെയും അത് സ്വീകരിക്കപ്പെടുന്ന വിഷയത്തിന്റെയും ഭാവി ഉറപ്പാക്കേണ്ടത് മുഖ്യധാരാ സമൂഹത്തിന്റെ കൂടി ഉത്തരവാദിത്വമാണെന്ന് ഓർമിപ്പിക്കുന്നുണ്ട്.

"മഴ കുടിച്ച്
നഴഞ്ഞിറങ്ങാൻ
ഒരു കൊച്ചുമാളം
കടം വാങ്ങിയ
പച്ച മണ്ണാണു ഞാൻ"

-(ധന്യ വേങ്ങച്ചേരിയുടെ 'ഏന്' എന്ന കവിതയിൽ നിന്ന്)

'കൊച്ചുമാളം പോലും കടം വാങ്ങിയ പച്ചമണ്ണ്'. ആരാണ് ഇവരുടെ മണ്ണും മരവും കവർന്നത്. കവർച്ചകൾ നടന്നിട്ട് എന്തുകൊണ്ടാണ് ആരും പിടിക്കപ്പെടാത്തത്. സമത്വത്തിന്റെ പുത്തൻ നിർവചനങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ സമൂഹത്തിന്റെ

പിൻനിരയിലും, മുൻനിരയിലുമുള്ളവർക്ക് ഒരുപോലെയുള്ള സമത്വം ഉറപ്പാക്കേണ്ടത് അത്യാവശ്യമെന്ന് ഈ കവിത വീണ്ടും ഓർമിപ്പിക്കുന്നു. അവർ അന്തസ്സോടെ പുത്തൻ സാഹിത്യങ്ങളുമായി മുഖ്യധാരയിലേക്ക് കടന്നു വരികയാണ്.

"പ്രാണവേദന താങ്ങാനാവാതെ
അന്ത്യ ശ്വാസം വലിക്കുമ്പോൾ
ഒരിക്കൽ കൂടി സ്വയം പറഞ്ഞു
എപ്പോഴെങ്കിലും നിങ്ങളും
ഇതുപോലെയുള്ളയിടങ്ങളിൽ ചെന്നു
പെട്ടുമ്പോൾ മാത്രമേ
എന്റെ അവസ്ഥ തിരിച്ചറിയൂ"

-(പി. ശിവലിംഗന്റെ 'ബുൾഡോസർ' എന്ന കവിതയിൽ നിന്ന്)

നിസ്സഹായതയുടെയും പ്രതിഷേധത്തിന്റെയും മുഖം ഈ കവിതയിൽ തെളിയുന്നു. അവനവന് വരുമ്പോൾ മനസ്സിലാകുന്ന കൂട്ടത്തിലുള്ള മുഖ്യധാരയോട് തന്റെ പ്രതിഷേധം അറിയിക്കുകയാണ് കവി ഇവിടെ ചെയ്യുന്നത്.

'പോരാടാൻ സമരത്തേക്കാൾ നല്ലത് എഴുത്താണ്' എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് ആദിവാസി സാഹിത്യത്തിലേക്ക് കടന്നുവന്ന വ്യക്തിത്വമാണ് സുകുമാരൻ ചാലിഗദ്ധ. 20 വർഷത്തിലേറെയായി കാവ്യലോകത്ത് സജീവമായി നിൽക്കുന്ന ചാലിഗദ്ധ ഇതിനോടകം തന്റെ കവിതയിലൂടെ പല പോരാട്ടങ്ങളും നടത്തിയിട്ടുണ്ട്.

"എഴുത്തിനിരുത്താതെ
അച്ഛൻ ആദ്യം കാണിച്ചുതന്നത്
കാടാണ്.
പറഞ്ഞ കഥ ജീവിതമായിരുന്നു"

-(സുകുമാരൻ ചാലിഗദ്ധയുടെ 'കാട്' എന്ന കവിതയിൽ നിന്ന്)

കാടാണ് ആദിവാസി ജനതയുടെ ആദ്യ പാഠപുസ്തകം എന്നും, അറിയുന്തോറും അറിവിന്റെ പുതിയ വാതായനങ്ങൾ വെട്ടിതുറന്നു തരുന്ന സർവ്വകലാശാലയാണ് കാട് എന്നും ഈ കവിതയിലൂടെ പറയുന്നു. പുസ്തകത്തിലൂടെ നൽകുന്ന അറിവിന് പരിമിധികളുണ്ടെങ്കിൽ കാടിലൂടെ സ്വയമറിയുന്ന ജ്ഞാനം വിശാലമാണ്. അതുകൊണ്ടാണ് അച്ഛൻ എഴുത്തിനിരുത്തുന്നതിന് പകരം കാട് കാണിച്ചുകൊടുത്തത്.

സാമൂഹികമായ ആഖ്യാനം

ആദിവാസികൾ എക്കാലവും പൊതുവിടങ്ങളിൽ നിന്നും, പൊതുസമൂഹത്തിൽ നിന്നും അകന്നാണ് കഴിഞ്ഞിരുന്നത്. ഓരോ സമുദായത്തിന്റെയും ആചാരങ്ങളും കാഴ്ചകളും കാണാൻ തുടങ്ങിയത് അവരെപ്പറ്റിയുള്ള പഠനങ്ങളും കൃതികളും വന്നതിനുശേഷമാണ്. അവരവരുടെ ഗോത്രത്തിന്റെ ആചാരവും, സംസ്കാരവും, പ്രശ്നങ്ങളും പറയുന്ന കൃതികൾ ധാരാളമായി ഇന്ന് കടന്നുവരുന്നുണ്ട്. നാട്ടുവാസികൾ കണ്ടുശീലിച്ച സംസ്കൃതിക്ക് ബദൽ വെക്കാൻ പറ്റിയതൊക്കെ നാരായൻ എന്ന മലയരയവിഭാഗത്തിൽ ജനിച്ച എഴുത്തുകാരനുണ്ടായിരുന്നു. 1998ൽ പുറത്തിറങ്ങിയ 'കൊച്ചരേത്തി' എന്ന ആദ്യകൃതി മലയാളത്തിൽ അന്നുവരെ കണ്ട സാഹിത്യത്തെ മാറ്റിനിർത്തി പുതിയൊരു സാഹിത്യ പശ്ചാത്തലത്തിന് നിലമൊരുക്കുകയായിരുന്നു. എന്നാൽ അതിനുമുമ്പ് 1972ൽ പി. വൽസല എഴുതിയ 'നെല്ല്' എന്നൊരു നോവൽ വന്നിട്ടുണ്ട്. ആദിവാസികളുടെ അന്ധവിശ്വാസങ്ങളും അവരെ ചൂഷണം ചെയ്യുന്ന കുടിയേറ്റക്കാരുടെ കരുനീക്കങ്ങൾ തിരിച്ചറിയാനുള്ള കഴിവില്ലായ്മയും നോവൽ വിശകലനം ചെയ്യുന്നുണ്ടെങ്കിലും പി. വൽസല എന്ന എഴുത്തുകാരി പുറത്തുനിന്ന് ആദിവാസി ജീവിതം കണ്ട് എഴുതിയ കൃതിയാണിത്. 2021ൽ പുറത്തിറങ്ങിയ പുഷ്പമ്മയുടെ 'കൊളുക്കൻ' എന്ന കൃതി പരിശോധിക്കാം. ഊരാളി വിഭാഗത്തിന്റെ ഭൂതകാല ചരിത്രത്തെ മുൻനിർത്തി രചിച്ച നോവലാണിത്. ഇവരുടെ ആചാരരീതികൾ, കൃഷി, വേട്ട, വിവാഹം, മൂപ്പനായ കാണിയുടെ മന്ത്രവാദം, ലൈംഗികമായ കീഴടക്കലുകൾ, ശൈശവ വിവാഹം ഇവയൊക്കെ നോവലിൽ കടന്നുവരുന്നു. എന്താണ് ഊരാളിക്കുടിയിൽ നടക്കുന്നത്

എന്നതിന്റെ യാഥാർഥ്യരൂപമാണ് ഈ നോവൽ കാണിച്ചുതരുന്നത്. സാമൂഹികജീവികളായ മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കുന്ന ഘടകങ്ങൾ അനേകമുണ്ട്. സാമൂഹിക സാഹചര്യങ്ങളുടെ സ്വാധീനമാണ് മനുഷ്യരിൽ ഒന്നിക്കുവാനുള്ള താല്പര്യമുളവാക്കുന്നത്. നാടൻ വിശ്വാസങ്ങൾ, ആരാധനാക്രമങ്ങൾ, ഉൽസവങ്ങൾ, സാമൂഹിക വഴക്കങ്ങൾ, മാമൂലുകൾ, നാട്ടുമര്യാദകൾ തുടങ്ങിയവയെല്ലാം ആദിവാസി സാഹിത്യരൂപങ്ങളായ പാട്ടുകളിലൂടെയും കഥകളിലൂടെയും തെളിയുന്നു.

ഗോത്രസാഹിത്യകൃതികൾ അതുല്യമായ (unique) സാംസ്കാരിക വീക്ഷണം ഉള്ളവയാണ്. ഏത് ഗോത്രസാഹിത്യകൃതികൾ പരിശോധിച്ചാലും അവരവരുടെ സംസ്കാരത്തിന്റെ പ്രതിഫലനമാണ് കാണാൻ സാധിക്കുന്നത്. ഓരോ സമുദായത്തിനും പ്രത്യേക ഭാഷകളും, പാട്ടുകളും, ആചാരങ്ങളും ഉണ്ടായിരിക്കും. അതിനെ മുഖ്യധാരയിലേക്ക് എത്തിക്കുകയും മറ്റ് സമൂഹത്തെ അറിയിക്കുകയുമാണ് ഇത്തരം സാഹിത്യങ്ങളിലൂടെ ചെയ്യുന്നത്. വാമൊഴി പരമ്പര്യങ്ങളിൽ വേരൂന്നിയവയാണ് ആദിവാസി സാഹിത്യങ്ങൾ. എഴുതിവെക്കപ്പെട്ട രേഖകളോ, ലിപികളോ ഇല്ലാതെ വാക്കുകളിലൂടെ തന്നെ കൈമാറി വന്ന സമ്പത്താണ് അവർ കൃതികളിലൂടെ പ്രചരിപ്പിക്കുന്നത്. അതിനാൽ തന്നെ പരമ്പരാഗതമായ അറിവുകൾ സംരക്ഷിക്കുന്നു. വ്യതിരിക്തമായ ഭാഷാ / പദപ്രയോഗങ്ങൾ ഉപയോഗിച്ച് ആഖ്യാനം ചെയ്യുന്നു. തദ്ദേശീയമായ സമൂഹം / ഗോത്രം ഇടപെടേണ്ടതായ സാമൂഹിക – രാഷ്ട്രീയ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. അതുവഴി തദ്ദേശീയമായ ലോകവീക്ഷണങ്ങളെ പ്രതിഫലിപ്പിക്കുകയും ഈ സാഹിത്യത്തിലൂടെ ചെയ്യുന്നു. പ്രകൃതിയെയും പരിസ്ഥിതിയെയും കുറിച്ച് ആഴത്തിലുള്ള പ്രതിപാദനം / കേന്ദ്രീകരണം ആദിവാസി സാഹിത്യത്തിൽ സുലഭമാണ്. അവരുടെ ജീവിതം തന്നെ ഇത്തരമൊരു പരിസരത്തെ ചുറ്റിപ്പറ്റിയായതിനാൽ അവരുടെ കൃതികളിലും കൂടുതലായി പാരിസ്ഥിതിക – സാമൂഹിക ആഖ്യാനങ്ങളാണ് കൂടുതലായി കാണുന്നത്. സാമൂഹികമായ ആഖ്യാനത്തിലോ , കഥ പറച്ചിൽ രീതിയിലോ ആണ് ഈ സാഹിത്യം ഊന്നൽ നല്കുന്നത്. വ്യക്തിപരമായ

ആഖ്യാനമാണെങ്കിലും അങ്ങനെയൊരു രീതി സ്വീകരിക്കപ്പെടുന്നു. മുഖ്യധാരാ വിവരണങ്ങളെ /വ്യവഹാരങ്ങളെ (mainstream narratives) വെല്ലുവിളിക്കുന്നു. മുഖ്യധാരാ സമൂഹം പരിഗണിച്ചിട്ടില്ലാത്ത വിഷയങ്ങളെ ആദിവാസി സാഹിത്യം സ്വീകരിക്കുന്നു. കാരണം, അവരുടെ കഥ / സാഹചര്യം /പ്രശ്നങ്ങൾ അവരെക്കാൾ നന്നായി മറ്റാർക്കും പറയാൻ കഴിയില്ല. മറ്റുള്ള വിഷയങ്ങളിലേക്ക് എത്തിനോക്കുംമുമ്പ് സ്വന്തം സ്വത്വത്തെ അറിയുക, അറിയിക്കുക എന്ന രീതിയാണ് ഈ സാഹിത്യം കൈകാര്യം ചെയ്യുന്നത്. കൂടാതെ നാനാവിധമായ സാമൂഹിക പ്രതിരോധത്തെ (resistance and resilience) ഇവ ഉൾക്കൊള്ളുന്നു. അതിനാൽ ആദിവാസി സാഹിത്യത്തിന്റെ ജനുസ്സ്, മുഖ്യധാരാ സാഹിത്യജനുസ്സുകളിൽ നിന്ന് മാറി കഥ പറച്ചിലിന്റെ ജാനുഷിക രൂപത്തിലേക്ക് വന്നിട്ടുള്ളവയാണെന്ന് പറയാം.

**ആധാരസൂചി**


- അജിത് കുമാർ എൻ. ഡോ. (2006). വാമൊഴിയുടെ സൌന്ദര്യശാസ്ത്രം. തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
- അനിൽ കെ. എം. (2004). ഫോക് ലോർ ജനസ്സ് സിദ്ധാന്തം രാഷ്ട്രീയം. കോഴിക്കോട് : പാപ്പിയോൺ.
- മനോജ് മാതിരപ്പള്ളി. (2013). കേരളത്തിലെ ആദിവാസികൾ കലയും സാസ്കാരവും. കോട്ടയം : ഡി സി ബുക്ക്സ്.
- വിഷ്ണു നമ്പൂതിരി എം. വി. ഡോ. (1997). നാടോടി വിജ്ഞാനീയം. കോട്ടയം : ഡി സി ബുക്ക്സ്.
- വിഷ്ണു നമ്പൂതിരി എം. വി. ഡോ. (2010). ഫോക് ലോർ നിഘണ്ടു. തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
- വേലപ്പൻ. കെ. (1994). ആദിവാസികളും ആദിവാസി ഭാഷകളും. തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
- ശാന്താ തുളസീധരൻ. (2016) . കേരളത്തിലെ ആദിവാസികൾ ജീവിതവും സംസ്കാരവും. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
- സീലിയ തോമസ്. പി. ഡോ. (2011). കേരളത്തിലെ ആദിവാസി കലാപാരമ്പര്യം. തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.
- സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ(ഏകോപനം). (2021). ഗോത്രകവിത. കോട്ടയം : ഡി സി ബുക്ക്സ്.
- സെബാസ്റ്റ്യൻ. എം. (2007). കാണിക്കാർ : ജീവിതവും സംസ്കാരവും. ചിറ്റൂർ : ദ്രവീഡിയൻ യൂണിവേഴ്സിറ്റി.
- ഹരിപ്രിയ. എസ്. (2015). പളിയർ പൈതൃകവും സംസ്കൃതിയും. കണ്ണൂർ : കേരളഫോക് ലോർ അക്കാദമി.

ഗവേഷണ പ്രബന്ധങ്ങൾ

- ആശാ മത്തായി. (2016). ആദിവാസി ജീവിതചിത്രണം പി. വൽസലയുടെ നോവലിൽ. യൂ. സി കോളേജ് ആലുവ – മഹാത്മാഗാന്ധി സർവ്വകലാശാല.
- ലിനോജ് വർഗ്ഗീസ്. (2015). പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ ആദിവാസികൾ; നാടോടിവിജ്ഞാനാധിഷ്ഠിത പഠനം. സെന്റ് ബർക്ക്മാൻസ് കോളേജ് ചങ്ങനാശ്ശേരി – മഹാത്മാഗാന്ധി സർവ്വകലാശാല.
- ഹേമമാലിനി. എം. (2005). പാരിസ്ഥിതിക സ്ത്രീവാദം പി. വൽസലയുടെ നോവലുകളിൽ. മഹാരാജാസ് കോളേജ് എറണാകുളം – മഹാത്മാഗാന്ധി സർവ്വകലാശാല.

മാഗസിൻ

- മാധ്യമം. (2018). മെയ് 20

ആതിര രാജൻ

ഗവേഷക

കാലിക്കറ്റ് സർവ്വകലാശാല

മലയാള – കേരളപഠന വിഭാഗം

9656208379

athiralakshmi737@gmail.com